


# കാരുണ്യത്തിന്റെ വിതരണക്കാരാവുക

(മത്തായി 12:1 – 13)

Vol. 11, Issue: 25

ഡീ. ജോഷി കണ്ണമ്പുഴ MCBS

ഒരു ദിവസം വേദപാഠക്ലാസ്സിൽ അദ്ധ്യാപകൻ കുട്ടികളോട് ഇങ്ങനെ ചോദിച്ചു: "ദൈവാലയത്തിലിരുന്ന് പ്രാർത്ഥിക്കുമ്പോഴാണോ, മറ്റുള്ളവർക്ക് നന്മ ചെയ്യുമ്പോഴാണോ ദൈവാനുഭവം ഉണ്ടാകുന്നത്?" അതിന് കുട്ടികൾ പല മറുപടികളാണ് പറഞ്ഞത്. ചിലർക്ക് ദൈവാലയത്തിൽ പ്രാർത്ഥിക്കുമ്പോഴാണ് ദൈവാനുഭവം ലഭിക്കുന്നത്. മറ്റുചിലർക്ക് നന്മപ്രവർത്തികൾ ചെയ്യുമ്പോഴാണ് ദൈവാനുഭവം. വേറെ ചിലർക്ക് ഈ രണ്ടു സാഹചര്യങ്ങളിലും ദൈവത്തെ അനുഭവിക്കാൻ സാധിക്കുന്നു എന്നുപറഞ്ഞു. ഇന്നത്തെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ നിയമം പാലിക്കുമ്പോഴാണോ അപരന്റെ ആവശ്യങ്ങളിൽ അനുകമ്പയോടെ പെരുമാറുമ്പോഴാണോ ദൈവത്തെ അനുഭവിക്കുവാൻ കഴിയുക എന്ന ചോദ്യത്തിന് നിങ്ങൾ എന്തു മറുപടി നൽകും?

നിയമം പാലിച്ചുകൊണ്ട് ദൈവത്തെ സ്നേഹിക്കുന്നു എന്ന് ചിന്തിച്ചുകൊണ്ട് ഈശോയെ ചോദ്യം ചെയ്യുന്ന ഫരിസേയരെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുക. യഹൂദ പാരമ്പര്യമനുസരിച്ച് സാബത്ത് ദൈവത്തിനു വേണ്ടി മാറ്റിവയ്ക്കപ്പെട്ട ദിവസമാണ്. വിശുദ്ധ ഗ്രന്ഥത്തിലെ രണ്ട് സംഭവങ്ങളാണ് ഇവിടെ അനുസ്മരിക്കുക - സൃഷ്ടിയും രക്ഷയും. സൃഷ്ടിക്കുശേഷം ദൈവം ഏഴാം ദിവസം വിശ്രമിച്ചു എന്ന വാക്യമാണ് സാബത്താചരണത്തിന്റെ അടിസ്ഥാനം (ഉൽ. 2:3). ദൈവം വിശ്രമിച്ചു എന്ന് വിശുദ്ധ ഗ്രന്ഥം പറയുമ്പോൾ ദൈവത്തിന്റെ വിശ്രമത്തെ ആഘോഷിക്കാനല്ല, ഒരാഴ്ച മുഴുവൻ പണിയെടുത്ത് തളർന്ന അടിമകൾക്കും ദരിദ്രർക്കും നാൽക്കാലികൾക്കുമെല്ലാം ഒരു വിശ്രമദിനം ഒരുക്കുക എന്ന ഉദ്ദേശമായിരുന്നു. അതോടൊപ്പം ഈജിപ്തിന്റെ അടിമത്വത്തിൽ നിന്ന് ഇസ്രായേൽ ക്കാരെ ദൈവം തന്റെ ശക്തമായ കരത്താൽ രക്ഷിച്ചതിന്റെ സ്മരണ കൂടിയായിരുന്നു സാബത്ത് (നിയമാ. 5:15).

മനുഷ്യന്റെ മഹത്വത്തെ മാനിക്കാനും അവന്റെ മൂല്യത്തെ ഉയർത്തിക്കാട്ടാനും വേണ്ടി ആരംഭിച്ച സാബത്ത്, മനുഷ്യനെ അടിച്ചമർത്താനുള്ള ഉപാധിയാക്കി യഹൂദ മതനേതൃത്വം മാറ്റിയെടുത്തു. ഇങ്ങനെ മനുഷ്യനെ ചൂഷണം ചെയ്യുന്ന മതവ്യവസ്ഥയേയും നിയമസംഹിതയേയുമാണ് ഈശോ നിർഭയം എതിർത്തത്.

സാബത്തിൽ അനുവദനീയവും അരുതാത്തവയുമായ കാര്യങ്ങളുടെ ഒരു നീണ്ട നിര തന്നെ യഹൂദ മതത്തിലുണ്ടായിരുന്നു. അതിൽ കൊയ്യുന്നതും മെതിക്കുന്നതും വിലക്കിയിരുന്നു. ശിഷ്യന്മാർ കതിരുകൾ പറിച്ച് കൈകൊണ്ട് തിരുമ്മി ഭക്ഷിച്ചതിനെ സാബത്തിൽ അദ്ധ്വാനിച്ചു എന്ന തെറ്റിൽ ഫരിസേയർ ഉൾപ്പെടുത്തി. വഴിപോക്കർക്ക് വിശന്നാൽ ധാന്യവും മുന്തിരിയും പറിച്ചുതിന്ന് വിശപ്പടക്കാൻ നിയമം അനുവദിച്ചിരുന്നു (നിയമാ. 23:24-25). വിശപ്പുകൊണ്ടാണ് ശിഷ്യന്മാർ കതിരുകൾ പറിച്ചുതിന്നതെന്ന് അറിയാമായിരുന്ന ഈശോ, ശിഷ്യന്മാരുടെ പക്ഷത്ത് നിലകൊള്ളുകയാ

ണ്. ഇത് യഹൂദ മതത്തോടുള്ള ഈശോയുടെ അവഗണനയല്ല, മറിച്ച് ഏത് നിയമത്തേക്കാളും മനുഷ്യനും അവന്റെ മഹിമയുമാണ് വിലമതിക്കപ്പെടേണ്ടത് എന്ന് ഈശോ ഓർമ്മപ്പെടുത്തുകയാണ്.

അതുപോലെ തന്നെ യഹൂദ നിയമമനുസരിച്ച് സാബത്തിൽ രോഗശാന്തി നേടുന്നതും ചികിത്സ നടത്തുന്നതും കുറ്റകരമാണ്. ഈശോ, കൈ ശോഷിച്ച ഒരു മനുഷ്യനെ സാബത്തിൽ സുഖപ്പെടുത്തിയത് ഫരിസേയർ ചോദ്യം ചെയ്യുന്നു. ഇതിന് മറുപടിയായി ഈശോ ഒരു ചോദ്യം തന്റെ എതിരാളികളോട് ചോദിക്കുകയാണ്: ''നിങ്ങളിൽ ആരാണ് തന്റെ ആട് സാബത്തിൽ കുഴിയിൽ വീണാൽ പിടിച്ചുകയറ്റാത്തത്?'' ആട് ഒരു ദിവസം കുഴിയിൽ കിടന്നെന്നു കരുതി അത് ചത്തുപോകുകയൊന്നുമില്ലെങ്കിലും നമ്മൾ അതിനെ ഉടനെ പിടിച്ചുകയറ്റുന്നു. അങ്ങനെയെങ്കിൽ അതിനേക്കാൾ എത്രയോ വിലപ്പെട്ടവനാണ് ഈ മനുഷ്യൻ എന്ന് ചോദിച്ചുകൊണ്ടാണ് ഈശോ സൗഖ്യം നൽകി. ഇതിലൂടെ ഈശോ ഫരിസേയരോട് പറയുന്ന ഒരു കാര്യമുണ്ട്. അവന് ഇപ്പോൾത്തന്നെ സൗഖ്യം ലഭിച്ചാൽ, ഇപ്പോൾ മുതൽ അവന് തന്റെ ആരോഗ്യമുള്ള കൈകൊണ്ട് നമ്മെപ്പോലെ ജീവിക്കാമല്ലോ? അല്ലെങ്കിൽ അവൻ വീണ്ടും സൗഖ്യത്തിനായി കാത്തിരിക്കേണ്ടേ? അങ്ങനെയെങ്കിൽ നമുക്ക് ചെയ്യാൻ കഴിയുന്ന നന്മ തക്ക സമയത്തു തന്നെ ചെയ്യുക. നീട്ടിവച്ചതിന്റെ പേരിൽ എത്രയോ നന്മകളാണ് നമ്മൾ നഷ്ടപ്പെടുത്തിക്കളഞ്ഞത്?

ഈ രണ്ട് സംഭവങ്ങളിലൂടെ ഈശോ നമ്മോടും പറയുന്നത് ഹോസിയാ പ്രവാചകന്റെ പുസ്തകം 6-ാം തിരുവചനം ഉദ്ധരിച്ചുകൊണ്ടാണ്. ''ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്.'' നിയമത്തിന്റെ പേരിൽ മറ്റുള്ളവർക്ക് കാരുണ്യം നിഷേധിക്കുന്ന ഫരിസേയ മനോഭാവത്തെ ഈശോ എതിർക്കുന്നു. അതിനാലാണ് സമരിയാക്കാരന്റെ ഉപമയിൽ, വഴിയിൽ വീണുകിടക്കുന്നവനെ ശുശ്രൂഷിക്കാതെ സാബത്താചരണത്തിന് ദൈവാലയത്തിലേയ്ക്കു പോയ പുരോഹിതനെയും ലേവായനെയും ഈശോ വിമർശിക്കുന്നത്.

നമ്മൾ പ്രാർത്ഥിക്കുന്നതും ബലിയർപ്പിക്കുന്നതും നിയമാനുഷ്ഠാനം നടത്തുന്നതും സ്നേഹത്തിൽ നിന്നും സ്നേഹത്തിൽ ആഴപ്പെടാൻ വേണ്ടിയുള്ളതുമായിരിക്കണം. അത് മനുഷ്യന്റെ മഹിമയെ ആദരിച്ചുകൊണ്ടായിരിക്കണം. സ്നേഹിക്കുക, കരുണ കാണിക്കുക എന്നത് ദൈവത്തിന്റെ സ്വഭാവമാണ്. ആ സ്വഭാവത്തിൽ നാമും പങ്കുചേരണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.

ഒരിക്കൽ ഒരു വൈദികൻ തന്റെ ജീവിതാനുഭവം പങ്കുവച്ചത് ഇങ്ങനെയാണ്... അച്ചൻ ഒരു ആശുപത്രിയുടെ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന സമയം. ഒരു ദിവസം അച്ചന്റെ ഫോണിലേയ്ക്ക് ഒരു കോൾ വന്നു. ''അച്ചാ, ഒരു സ്കൂൾ ബസ് അപകടത്തിൽപ്പെട്ടിരിക്കുന്നു. എല്ലാവർക്കും സാരമായ പരിക്കുകളുണ്ട്. എല്ലാവരെയും നിങ്ങളുടെ ആശുപത്രിയിലേയ്ക്കാണ് കൊണ്ടുവരുന്നത്.'' അച്ചൻ നോക്കിയപ്പോൾ വിശുദ്ധ കുർബാനയുടെ സമയമാണ്. ഡയറക്ടറച്ചനാണ് കുർബാന അർപ്പിക്കുന്നത്. പ്രധാനപ്പെട്ട ഡോക്ടർമാരും നഴ്സുമാരും സിസ്റ്റേഴ്സുമെല്ലാം വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയാണ്. കുർബാന കഴിയാൻ ഇനിയും സമയമെടുക്കും. അച്ചൻ ഒരു കുറിപ്പെഴുതി ഡയറക്ടറച്ചനു കൊടുത്തു. ഡയറക്ടറച്ചൻ അത് വായിച്ചുനോക്കി ഇങ്ങനെ അറിയിച്ചു: ഈ കുർബാനയിൽ പങ്കെടുക്കുന്ന എല്ലാ ഡോക്ടർമാരും നഴ്സുമാരും സിസ്റ്റേഴ്സുമെല്ലാം ഉടനെ ഇവിടെ നിന്ന് പോയി ജോലിക്കു കയറണം. നിങ്ങൾക്ക് വൈകിട്ട് കുർബാന ഉണ്ടായിരിക്കും. പലർക്കും അസ്വസ്ഥതയായി. കുർബാന കഴിഞ്ഞിട്ട് പോയാൽപ്പോരെ എന്നുപോലും ചോദ്യമുയർന്നു. അച്ചൻ സമ്മതിച്ചില്ല. എല്ലാവരും റെഡിയായി, അപകടത്തിൽപ്പെട്ട കുട്ടികളെ കൊണ്ടുവന്നപ്പോൾ ശുശ്രൂഷിച്ചു. ഇതിനെക്കുറിച്ച് പറഞ്ഞതിനുശേഷം അച്ചൻ പറഞ്ഞത് ഇങ്ങനെയാണ്: ''ബലിയല്ല; കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന വചനം മനസ്സിലാക്കിയിരുന്നെങ്കിൽ പള്ളിയിൽ നിന്നും പോകാൻ പറഞ്ഞപ്പോൾ ആരും അസ്വസ്ഥതപ്പെടില്ലായിരുന്നു.''

പ്രിയമുള്ള സഹോദരങ്ങളേ, ദൈവിക കാരുണ്യത്തിന്റെ വിതരണക്കാരും പ്രഘോഷകരുമാകാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. ദൈവം തന്റെ കാരുണ്യത്തിന്റെ പരിധിയിൽ നിന്ന് ആരെയും മാറ്റിനിർത്തിയിട്ടില്ല. കർത്താവിന്റെ കാരുണ്യം സ്വീകരിച്ചാൽ മാത്രം പോരാ, അത് പങ്കുവയ്ക്കുന്നവരായിക്കൂടി നമ്മൾ മാറണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുക. ജീവിതത്തിൽ നമുക്ക് സ്വന്തമെന്നു പറയുന്ന സമ്പത്തും പ്രശസ്തിയും കഴിവുകളും ആരോഗ്യവും അറിവും സമയവുമെല്ലാം കർത്താവിന്റെ കാരുണ്യത്തിന്റെ പ്രകടമായ ഒരു അടയാളമാണ്. അത് നിയമങ്ങളുടെയോ ആചാരത്തിന്റെയോ സൗകര്യക്കുറവിന്റെയോ പേരിൽ മറ്റുള്ളവർക്ക് നന്മയാക്കി മാറ്റുന്നതിൽ തടസ്സമായി മാറരുത്.

ലഭിച്ചിരിക്കുന്ന ജീവിതാവസ്ഥകളെല്ലാം എനിക്കു വേണ്ടി മാത്രം കരുതിവയ്ക്കാതെ മറ്റുള്ളവരുടെ ജീവിതങ്ങളിലേയ്ക്ക് പങ്കുവയ്ക്കുമ്പോഴാണ്, അപരന് നന്മയാക്കി മാറ്റുമ്പോഴാണ് കാരുണ്യത്തിന്റെ വിതരണക്കാരായി നമ്മൾ മാറുക. അങ്ങനെ നമ്മുടെ ജീവിതത്തിലെ എല്ലാ ആചാരങ്ങളും അനുഷ്ഠാനങ്ങളും സാബത്തും കാരുണ്യത്തിന്റെ പ്രകാശനവും നന്മ ചെയ്യാനുള്ള അവസരവും ദൈവാനുഭവത്തിന്റെ സമയവുമായി തീരട്ടെ. അതിനായി നമുക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം...